10. ഡയറിയിങ്ങ് (മിൽക്ക് പ്രോഡക്ട്സ്)

11. ഓഫീസ് സെക്രട്ടറിഷിപ്പ്.

12. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്.

(സി) ശേഷിക്കുന്ന കോഴ്സുകൾക്കുകൂടി പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിനായി നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

മാവൂർ ജി.എച്ച്.എസ്. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

54 [2271] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടമുണ്ടാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പി.ടി.എ.-യുടെ ഹർജി സർക്കാരിന് ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) മൂന്ന് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചു. 20-9-2004-ൽ ഒന്നാമത്തെ ഗഡുവും 18-2-2005-ൽ രണ്ടാമത്തെ ഗഡുവും അനുവദിച്ചു.

(സി) 2004 സെപ്റ്റംബറിൽത്തന്നെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് അസിസ്റ്റന്റ് നിയമനം

55 [2272] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്രപേരെ വീതം ലാബ് അസിസ്റ്റന്റുമാരായി നിയമിക്കാമെന്നാണ് സർക്കാരിന്റെ തീരുമാനം;

(ബി) ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര പേർക്ക് ലാബ് അസിസ്റ്റന്റ് നിയമനം നൽകുകയുണ്ടായി; പ്രസ്തുത സ്കൂളിൽ ഇനി എത്ര പേർക്കുകൂടി നിയമനം നൽകാനാകും; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. സി. നാരായണൻ, ശ്രീ. പി. ബി. വിഷ്ണു എന്നിവരെ ലാബ് അസിസ്റ്റന്റുമാരായി സർക്കാർ ഉത്തരവിൻ പ്രകാരം നിയമിക്കണമെന്ന് പ്രസ്തുത സ്കൂൾ മാനേജരുടെ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) ശ്രീ. സി. നാരായണൻ, ശ്രീ. പി. ബി. വിഷ്ണു എന്നിവരെ പ്രസ്തുത സ്കൂളിൽ ലാബ് അസിസ്റ്റന്റുമാരായി നിയമിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ലാബ് അസിസ്റ്റന്റുമാരെ.

(ബി) നാല് പേർക്ക് നിയമനം നൽകിയതായി അറിയിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ശ്രീ. സി. നാരായണൻ, ശ്രീ. പി. ബി. വിഷ്ണു എന്നിവർ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരാണ്. ഇവരിൽ നേരിട്ട് നിയമനം നൽകിയിട്ടുള്ള ശ്രീ. സി. നാരായണന് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴി സ്ഥിര തസ്തികയിൽ നിയമനം നൽകിയതിനു പുറമെ സൂപ്പർ ന്യൂമററി തസ്തികയിൽ 25% ത്തിനു പുറമെ നിയമനം നൽകിയിട്ടുള്ളവരുടെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

പാരലൽ കോളേജ് വിദ്യാർത്ഥികളിൽ പഠനസഹായം ലഭിക്കാത്തവർക്ക് പുനരപേക്ഷ നൽകാൻ അവസരം

56 [2274] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി., എസ്.ടി., ഒ.ഇ.സി. വിദ്യാർത്ഥികൾ റഗുലർ സ്കൂളിൽ ചേരാതെ പാരലൽ കോളേജുകളിൽ ചേരുന്ന സാഹചര്യം കേരളത്തിലുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ സാഹചര്യമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ:

(സി) ഇങ്ങനെ പാരലൽ കോളേജുകളിൽ ചേർന്ന എസ്.സി., എസ്.ടി., ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള പഠന സഹായം സർക്കാർ നൽകാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന സഹായം നൽകാതിരിക്കാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സഹായം ലഭ്യമാക്കുന്നതിന് വീണ്ടും അപേക്ഷ ക്ഷണിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly